**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - അനധികൃതമായി സ്ഥാപിച്ചിട്ടുള്ള ബോർഡുകൾ/ ബാനറുകൾ/ഹോർഡിങ്ങുകൾ/കൊടികൾ തുടങ്ങിയവ നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതി 22750/18, 25784/18 & 42574/2018 എന്നീ റിട്ട് ഹർജികളിൽ 26.02.2019-ൽ പുറപ്പെടുവിച്ച പൊതു ഉത്തരവ് പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ ) നം.504/2019/ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം: 02.03.2019.

പരാമർശം: 1) 08.1.2010 ലെ 57850/ആർസി4/2008/തസ്വഭവ നമ്പർ പരിപത്രം

2) 25.10.2013 ലെ 71806/ആർസി2/2013/തസ്വഭവ നമ്പർ പരിപത്രം

3) 07.03.2018 ലെ 41/ആർസി2/2018/തസ്വഭവ നമ്പർ പരിപത്രം.

4) 22750/18, 25784/18 എന്നീ റിട്ട് ഹർജികളിൽ ബഹു.ഹൈക്കോടതി 18.09.2018, 03.10.2018 എന്നീ തീയതികളിൽ പുറപ്പെടുവിച്ച പൊതു ഉത്തരവുകൾ.

5) 06.10.2018 ലെ ആർസി2/41/2018/ത.സ്വ.ഭ.വ നമ്പർ പരിപത്രം

6) 22750/18, 25784/18 എന്നീ റിട്ട് ഹർജികളിൽ ബഹു.ഹൈക്കോടതി 23.10.2018 ൽ പുറപ്പെടുവിച്ച പൊതു ഉത്തരവ്.

7) 26.10.2018 ലെ സ.ഉ(സാധാ)നം.2733/2018/തസ്വഭവ

8) 22750/18, 25784/18 എന്നീ റിട്ട് ഹർജികളിൽ ബഹു.ഹൈക്കോടതി 15.01.2019 ൽ പുറപ്പെടുവിച്ച പൊതു ഉത്തരവ്.

9) 21.01.2019-ലെ സ.ഉ.(സാധാ)നം.113/2019/തസ്വഭവ.

10) 22750/18, 25784/18, 42574/2018 എന്നീ റിട്ട് ഹർജികളിൽ 26.02.2019-ൽ ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച പൊതു ഉത്തരവ്.

**ഉത്തരവ്**

സംസ്ഥാനത്തൊട്ടാകെ വിവിധ ഏജൻസികളും സംഘടനകളും സ്ഥാപനങ്ങളും രാഷ്ട്രീയ പാർട്ടികളും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ അനുമതി കൂടാതെ പരസ്യ ബോർഡുകൾ/ബാനറുകൾ/ഹോർഡിങ്ങുകൾ/കൊടികൾ സ്ഥാപിക്കുന്നതുമൂലം അപകടങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഇത് നിയന്ത്രിക്കുന്നതിനായി പരസ്യ ബോർഡുകൾ/ബാനറുകൾ/ഹോർഡിങ്ങുകൾ/കൊടികൾ സ്ഥാപിക്കുന്നതിന് ക്രമീകരണങ്ങൾ ഏർപ്പെടുത്തിയും അനധികൃതമായി സ്ഥാപിച്ചിട്ടുള്ളവ എടുത്തുമാറ്റാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയും പരാമർശം (1), (2), (3) പ്രകാരം സർക്കാർ പരിപത്രങ്ങൾ പുറപ്പെടുവിച്ചിരുന്നു.

2. പരസ്യ ബോർഡുകൾ/ബാനറുകൾ/ഹോർഡിങ്ങുകൾ/കൊടികൾ എന്നിവ അനധികൃതമായി സ്ഥാപിക്കുന്നത് തടയാൻ നിർദ്ദേശിച്ച് ബഹു. ഹൈക്കോടതി പരാമർശം (4) പ്രകാരം പുറപ്പെടുവിച്ച ഉത്തരവ് പാലിച്ചുകൊണ്ട് പരസ്യ ബോർഡുകൾ/ബാനറുകൾ/

ഹോർഡിങ്ങുകൾ/കൊടികൾ സ്ഥാപിക്കുന്നതിന് പുതിയ മാർഗ്ഗനിർദ്ദേശം ഉൾപ്പെടുത്തിയും അനധികൃതമായി സ്ഥാപിച്ചിട്ടുള്ളവ സമയബന്ധിതമായി എടുത്തുമാറ്റാൻ കർശന നിർദ്ദേശം നൽകിയും കോടതിവിധി കർശനമായി പാലിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയും പരാമർശം (5) പ്രകാരവും പരിപത്രം പുറപ്പെടുവിച്ചിരുന്നു.

3. പരാമർശം (8) ലെ ബഹു.ഹൈക്കോടതി ഉത്തരവിലുള്ള നിർദ്ദേശത്തിന്റെ വെളിച്ചത്തിൽ പരാമർശം (5) ലെ പരിപത്രത്തിൽ പറഞ്ഞിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് അനധികൃതമായി സ്ഥാപിച്ചിട്ടുള്ള എല്ലാ പരസ്യ ബോർഡുകളും ബാനറുകളും ഹോർഡിങ്ങുകളും കൊടികളും ഏഴ് ദിവസത്തിനുള്ളിൽ നീക്കം ചെയ്യാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയും അനധികൃതമായി സ്ഥാപിച്ചിട്ടുള്ള പരസ്യ ബോർഡുകൾ/ബാനറുകൾ/ഹോർഡിങ്ങുകൾ/ കൊടികൾ നീക്കം ചെയ്യുന്നതിലെ പുരോഗതി വിലയിരുത്താൻ പഞ്ചായത്ത് ഡയറക്ടറേറ്റിലെയും നഗരകാര്യ ഡയറക്ടറേറ്റിലെയും നോഡൽ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയും ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

4. ബഹു. ഹൈക്കോടതി 22750, 25784, 42574/2018 എന്നീ റിട്ട് പെറ്റിഷനുകളിൽ 26.02.2019-ൽ പുറപ്പെടുവിച്ച പൊതു ഉത്തരവിൽ അനധികൃത പരസ്യ ബോർഡുകൾ/ബാനറുകൾ/ഹോർഡിങ്ങുകൾ/കൊടികൾ നീക്കം ചെയ്യുന്നതിന് ആവർത്തിച്ച് നിർദ്ദേശം നൽകിക്കൊണ്ട് സർക്കാർ അഞ്ചോളം ഉത്തരവുകൾ/ സർക്കുലറുകൾ പുറപ്പെടുവിക്കുകയും ബഹു. ഹൈക്കോടതി നിരവധി ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്തെങ്കിലും അനധികൃത ബോർഡുകൾ വീണ്ടും അനിയന്ത്രിതമായി വർദ്ധിച്ചതായി വിലയിരുത്തുകയുണ്ടായി. അനധികൃതമായി സ്ഥാപിച്ചിട്ടുള്ള ഫ്ലക്സ്/പരസ്യ ബോർഡുകൾ/ബാനറുകൾ/ഹോർഡിങ്ങുകൾ/കൊടികൾ ബന്ധപ്പെട്ട തദ്ദേശസ്ഥാപന സെക്രട്ടറിമാർ 10 ദിവസത്തിനുള്ളിൽ നീക്കം ചെയ്യാനും അപ്രകാരം നീക്കം ചെയ്യപ്പെട്ടിട്ടുണ്ടോയെന്ന് ജില്ലാ കളക്ടർമാർ പരിശോധിക്കുവാനും അനധികൃതമായിട്ടുള്ളവയെ സംബന്ധിച്ച് ബന്ധപ്പെട്ട തദ്ദേശസ്ഥാപന സെക്രട്ടറി/ഫീൽഡ് സ്റ്റാഫ് എന്നിവരെ സ്വയം ഉത്തരവാദികളാക്കാനും അവർക്കെതിരെ നടപടിയെടുക്കാനും ബഹു. ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. കൂടാതെ, എല്ലാ ജില്ലകളിലെയും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരെയും നഗരകാര്യ വകുപ്പിലെ റീജിയണൽ ജോയിന്റ് ഡയറക്ടർമാരെയും അനധികൃത പരസ്യ ബോർഡുകൾ/ബാനറുകൾ/ഹോർഡിങ്ങുകൾ/ കൊടികൾ നീക്കം ചെയ്യുന്നതിന് മേൽനോട്ടം വഹിക്കുന്നതിനായി നോഡൽ ഓഫീസർമാരായി നിയമിക്കാനും കോടതി ഉത്തരവായിട്ടുണ്ട്.

5. പരാമർശം (10) ലെ കോടതി ഉത്തരവ് പാലിച്ച് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാരും പരാമർശത്തിലെ സർക്കാർ ഉത്തരവുകൾ/സർക്കുലറുകളിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് അനധികൃതമായി സ്ഥാപിച്ചിട്ടുള്ള ഫ്ലക്സ്/പരസ്യ ബോർഡുകൾ/ ബാനറുകൾ/ഹോർഡിങ്ങുകൾ/കൊടികൾ കോടതി ഉത്തരവിലുള്ള സമയനിബന്ധന പാലിച്ച് നീക്കം ചെയ്യേണ്ടതും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. എല്ലാ ജില്ലകളിലെയും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരെയും നഗരകാര്യ വകുപ്പിലെ റീജിയണൽ ജോയിന്റ് ഡയറക്ടർമാരെയും അനധികൃത ബോർഡുകൾ/ബാനറുകൾ/ ഹോർഡിങ്ങുകൾ/കൊടികൾ നീക്കം ചെയ്യുന്നതിന്റെ പുരോഗതി വിലയിരുത്തുന്നതിനുള്ള

നോഡൽ ഓഫീസർമാരായി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. പൊതുജനങ്ങൾക്ക് പരാതി ബോധിപ്പിക്കുന്നതിലേയ്ക്ക് നോഡൽ ഓഫീസർമാർ ഈ വിവരവും അവരുടെ ഫോൺ നമ്പരും ഇ-മെയിൽ വിലാസവും വാട്ട്സ് ആപ്പ് നമ്പരും ഈ ഉത്തരവ് തീയതി മുതൽ മൂന്ന് ദിവസത്തിനുള്ളിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട കോടതി ഉത്തരവുകൾ, സർക്കാർ ഉത്തരവുകൾ, പരിപത്രങ്ങൾ എന്നിവ പാലിക്കപ്പെടുന്നുയെന്നതിനായി നോഡൽ ഓഫീസർമാർ മേൽനോട്ടം വഹിക്കേണ്ടതാണ്. കോടതിവിധി പാലിച്ച് അനധികൃത ബോർഡുകൾ/ബാനറുകൾ/ഹോർഡിങ്ങുകൾ/കൊടികൾ നീക്കം ചെയ്യുന്നതിൽ കൈവരിക്കുന്ന പുരോഗതി നോഡൽ ഓഫീസർമാർ ദിവസേന വിലയിരുത്തേണ്ടതും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർക്ക് ഇക്കാര്യത്തിൽ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി കോടതി നിർദ്ദേശിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ തന്നെ അനധികൃത ബോർഡുകൾ/ബാനറുകൾ/ഹോർഡിങ്ങുകൾ/കൊടികൾ നീക്കം ചെയ്യുന്ന കാര്യത്തിൽ മേൽനോട്ടം വഹിക്കേണ്ടതാണ്.

6. മേൽപ്രകാരമുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിക്കേണ്ടതാണ്.


(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ. മിത്ര റ്റി.**

സെക്രട്ടറി-എൽ.എസ്.ജി.അർബൻ ഇൻ ചാർജ്ജ്

അഡ്വക്കേറ്റ് ജനറൽ ( ആമുഖ കത്ത് സഹിതം).
ശ്രീ.ഹരീഷ് വാസുദേവൻ, അമിക്കസ് ക്യൂറി ( ആമുഖ കത്ത് സഹിതം)
സ്റ്റേറ്റ് അറ്റോർണി ( ആമുഖ കത്ത് സഹിതം).
സ്റ്റേറ്റ് പോലീസ് ചീഫ്, കേരളം, തിരുവനന്തപുരം.
എല്ലാ ജില്ലാകളക്ടർമാർക്കും.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ/ നഗരകാര്യ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ( വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം



സെക്ഷൻ ഓഫീസർ